## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6498. 1.11.2011-ൽ മറുപടിയ്ക്ക്

### 108 ആംബുലൻസുകളുടെ കാര്യക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.എ. വാഹീദ്.<br>ശ്രീ. കെ. ശിവദാസൻ നായർ.<br>ശ്രീ. കെ. അച്ചുതൻ. | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) 108 ആംബുലൻസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) അപകടത്തിൽപ്പെട്ട് തകരാറിൽ ആയ ആംബുലൻസുകൾക്കു പകരം ആംബുലൻസുകൾ സർവ്വീസ് നടത്തുന്നതിനായി എത്തിച്ചിട്ടുണ്ട്. എല്ലാ ആംബുലൻസുകളും ഫാബ്രിക്കേറ്ററായ ഏവിയോൺ മെഡിക്കൽസ് മുഖാന്തിരം ഓരോന്നായി പരിശോധിക്കുകയും ആംബുലൻസുകൾക്കു സാങ്കേതിക തകരാറുകൾ ഒന്നുമില്ലെന്ന് ഉറപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വാഹന നിർമ്മാതാക്കളായ ഫോഴ്സ് മോട്ടേഴ്സ് മുഖാന്തിരം വാഹനങ്ങൾ എല്ലാം പരിശോധിക്കുന്നതാണ്. എല്ലാ വർഷവും ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് പുറമേയാണിത്. 108 ആംബുലൻസുകളുടെ ഓപ്പറേറ്റർ ആയ സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ്, തിരക്കുള്ള സമയങ്ങളിൽ വേഗത്തിൽ സേവനം ലഭ്യമാക്കാൻ മറ്റ് ആംബുലൻസുകളുമായി കരാറിൽ ഏർപ്പെടാൻ ശ്രമിക്കുകയാണ്. |
| (ബി) ആംബുലൻസിൽ രോഗികളോടൊപ്പം രണ്ടിൽ കൂടുതൽ പേർ കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇതു മൂലം രോഗികൾക്ക് ആംബുലൻസിൽ പരിചരണം നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) രണ്ടിലധികം ആൾക്കാർ രോഗിയോടൊപ്പം ആംബുലൻസിൽ കയറുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് രോഗിയോടൊപ്പം രണ്ടുപേരിൽ കൂടുതൽ ആംബുലൻസിൽ അനുഗമിക്കരുത് എന്ന അഭ്യർത്ഥന ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 108 നമ്പരിലേക്ക് വിളിച്ച് ആംബുലൻസുകളുടെ സേവനം ആവശ്യപ്പെടുന്ന ആൾക്കാരോട് രണ്ടിൽ കൂടുതൽ ആൾക്കാർ രോഗിയെ അനുഗമിക്കരുത് എന്ന നിർദ്ദേശം നൽകി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ